DESPATCHED
On..05/03/ 2020

14.1.20

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 564*(7)/2014*/***എസ്.ഐ.സി.*
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം. *2905/എസ്.ഐ.സി-ജി 6/14*
സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ.രാജീവൻ .കെ.പി**
**കിടാരത്തും പൊയിൽ**
**കായക്കൊടി പി.ഒ**
**പിൻ673 508** } **പരാതി ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ**
**താലൂക്ക് സപ്ലൈ ഓഫീസ്**
**വടകര**
**കോഴിക്കോട്**
1. **അപ്പീൽ അധികാരി**
**റേഷനിംഗ് കൺട്രോളർ**
**സിവിൽ സപ്ലൈസ് കമ്മീഷണറേറ്റ്**
**പബ്ലിക്ക് ഓഫീസ് ബിൽഡിംഗ്**
**മ്യൂസിയത്തിന് എതിർവശം**
**പിൻ695033**

**എതിർകക്ഷികൾ**

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ ശരിയായ വിവരം ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.

2. ടി പരാതി ഹർജിയിൽ എസ്.പി.ഐ.ഒ. കമ്മീഷനിൽ സമർപ്പിച്ചിരിക്കുന്ന റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്, ഹർജിക്കാരനെ അന്വേഷണവുമായി ബന്ധപ്പെട്ട് നേരിൽക്കണ്ട് കാര്യങ്ങൾ അന്വേഷിക്കാത്തതിൽ പിഴവ് സപ്ലൈ ഓഫീസിൽ നിന്നും ഉണ്ടായെന്നും, നിലവിൽ റേഷൻകടയുടെ പ്രവർത്തനങ്ങളിൽ തൃപ്തനാണെന്ന് അറിയിച്ചിട്ടുണ്ടെന്നുമാണ്.

3. എസ്.പി.ഐ.ഒ. സമർപ്പിച്ച റിപ്പോർട്ടിന്മേൽ അഭിപ്രായം തേടുന്നതിനായി കമ്മീഷൻ 07.11.2019 ന് കളക്ടറേറ്റ് കോഴിക്കോട് വച്ചു നടത്തിയ വീഡിയോ കോൺഫറൻസിൽ ഹാജരാകുവാൻ എസ്.പി.ഐ.ഒയ്ക്ക് നോട്ടീസ് നൽകുകയും ടിയാൻ ഹാജരാകുകയും അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്തു. ഹാജരാക്കിയ റിപ്പോർട്ടിൽ ഹർജിക്കാരൻ 09.09.2013 ന് സപ്ലൈ ഓഫീസിൽ വിളിച്ച് 08.09.2013 ന് ഞാറാഴ്ച കായക്കോടിയിലെ 199 നമ്പർ റേഷൻകട തുറന്ന് ഒരു ചാക്ക് അരി ലൈസൻസി വണ്ടിയിൽ കയറ്റി കൊണ്ട് പോകുന്നതായി അറിയിച്ചിരിക്കുന്നതായും മേൽകാര്യത്തിൽ ടി ഓഫീസിൽ നിന്നും ആവശ്യമായ അന്വേഷണം നടത്തിയില്ലെന്നുമാണ് പരാതിയെന്നും ഇതുമായി ഇപ്പോൾ നടത്തിയ അന്വേഷണത്തിൽ ഞായറാഴ്ച കട തുറന്നുവെങ്കിലും ശനിയാഴ്ച എടുക്കാൻ സാധിക്കാതെ കടയിൽ സൂക്ഷിച്ചിരുന്ന സാധനങ്ങൾ കട തുറന്ന് എടുക്കുക മാത്രമാണ് ചെയ്തതെന്ന് ലൈസൻസി അറിയിച്ചുവെന്നും, ഹർജിക്കാരനെ അന്വേഷണവുമായി ബന്ധപ്പെട്ട് നേരിൽക്കണ്ട് സപ്ലൈ ഓഫീസിൽ നിന്നും അന്വേഷിച്ചില്ലെന്നാണ് ഹർജിക്കാരന്റെ ആക്ഷേപം എന്നും, ആയത് സപ്ലൈ ഓഫീസിൽ നിന്നുണ്ടായ വീഴ്ചയായി കാണുന്നുവെന്നും, എന്നാൽ നിലവിൽ റേഷൻ കടയുടെ പ്രവർത്തനങ്ങളിൽ തൃപ്തനാണെന്ന് ഹർജിക്കാരൻ അറിയിച്ചിട്ടുണ്ടെന്നുമാണ്. ഹർജിക്കാരൻ നൽകിയ മൊഴിപ്പകർപ്പും, ലൈസൻസി നൽകിയ മൊഴിപ്പകർപ്പും ഹാജരാക്കുകയും ചെയ്തു. ഹിയറിംഗിൽ ഹാജരാകുവാൻ ഹർജിക്കാരനു നോട്ടീസ് നൽകിയിരുന്നെങ്കിലും ടിയാൻ ഹാജരാകുകയോ അഭിപ്രായം രേഖപ്പെടുത്തുവാൻ തയ്യാറാവുകയോ ചെയ്തിരുന്നില്ല. അതിനാൽ എസ്.പി.ഐ.ഒ.യുടെ റിപ്പോർട്ട് വിശ്വാസത്തിൽ എടുത്തുകൊണ്ടും മൊഴിപ്പകർപ്പുകൾ അംഗീകരിച്ചുകൊണ്ടും ഈ പരാതി ഹർജിയിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്നുകണ്ട് ഈ പരാതി ഹർജി ഇന്നേദിവസം 2020 ജനുവരി 14–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM



res